# കേരള സർക്കാർ

## ജലവിഭവ വകുപ്പ്

ഇറിഗേഷൻ സബ് ഡിവിഷൻ, നെമ്മാറ.

## ദർഘാസ് പരസ്യം

നമ്പർ.ഡി1/ടെണ്ടർ/2020-21

തീയതി: 25/09/2020

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കുവേണ്ടി ജലസേചന വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ സബ് ഡിവിഷൻ, നെമ്മാറ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്ക് വേണ്ടി ജലസേചന വകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും, മുദ്രവെച്ചതും പ്രവൃത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം തപാലിൽ റെജിസ്ട്രേഡ്/സ്പീഡ് പോസ്റ്റ് ആയി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാവുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദി ആകുന്നതല്ല. കൊറിയർ സർവ്വീസിലൂടെയും, നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസുകൾ താഴെ പറയുന്ന പട്ടികയിലുള്ള നിശ്ചിത ദിവസം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. അന്നേ ദിവസം ഏതെങ്കിലും കാരണവശാൽ അവധി പ്രഖ്യാപിച്ചാൽ അടുത്ത പ്രവർത്തി ദിവസം അവസാന തിയതി ആയി കണക്കാക്കേണ്ടതാണ്. പ്രവൃത്തിയുടെ ക്രമ നമ്പർ ദർഘാസ് നമ്പർ, പ്രവർത്തിയുടെ പേര്, ഉദ്ദേശ അടങ്കൽ തുക, നിരതദ്രവ്യംദർഘാസ് പ്രമാണങ്ങളുടെ വില, പ്രവൃത്തികൾ തീർക്കേണ്ട കാലാവധി, കരാറുകാരുടെ വിഭാഗം എന്നിവ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത. ദ്രവ്യം | ദർഘാസ് പ്രമാണങ്ങളുടെ വില | കാലാ വധി | കരാറുകാരുടെ വിഭാഗം |
|---|---|---|---|---|---|---|
| 1 | 01/2020-21 | പി.പി. 2020-21 - ഇടതുകര കനാലിലെ കൽച്ചാടി ബ്രാഞ്ച് കനാലിലെ 5/500 കി.മീ. മുതൽ 6/500 കി.മീ. വരെ ജലവിതരണ സമയത്ത് കനാൽ നിരീക്ഷണത്തിനും മണ്ണ് നീക്കം ചെയ്യുന്നതിനും പാഡ്ലോക്ക് പിടിപ്പിക്കുന്നതിനുമായുള്ള പ്രവൃത്തി 314139/- രൂപ | 7900/- | 700 + 12% ജി.എസ്.ടി | 1 വർഷം | ഡിയും അതിനു മുകളിലും |
| 2 | 02/2020-21 | പി.പി. 2020-21 - വലതുകര കനാലിന്റെയും ശാഖകളിലെയും എല്ലാ തടസ്സങ്ങളും നീക്കം ചെയ്യുകയും സുഗമമായ ജലവിതരണം ഉറപ്പുവരുത്തുകയും അപകടകരമായ മരങ്ങളും/ശാഖകളും മറ്റും മുറിക്കുകയും കനാൽ നിരീക്ഷണത്തിനുമായുള്ള പ്രവർത്തി - 352240/- രൂപ | 8850/- | 800 + 12% ജി. എസ്.ടി | 1 വർഷം | ഡിയും അതിനു മുകളിലും |

| | | | | | | |
|---|---|---|---|---|---|---|
| 3 | 03/2020-21 | പി.പി. 2020-21 - വലതുകര കനാലിലും ബ്രാഞ്ച് കനാലുകളിലും റെഗുലർ ഷട്ടർ, സ്പൗട്ട് ഷട്ടർ എന്നിവയിൽ എണ്ണ, ഗ്രീസ്സ് എന്നിവ പ്രയോഗിക്കുന്നതിനും പാഡ്‌ലോക്ക് പിടിപ്പിക്കുന്നതിനുമായുള്ള പ്രവർത്തി - 80000/- രൂപ | 2000/- | 560 + 12% ജി. എ സ്.ടി | 1 മാസം | ഡിയും അതിനു മുക ളിലും |
| 4 | 04/2020-21 | പി.പി. 2020-21 - കൽച്ചാടി ബ്രാഞ്ച് കനാലിന്റെ ചെ. 3/400 മുതൽ 3/500 കി.മീ. വരെയുള്ള അടിയന്തിര നവീകരണ പ്രവൃത്തികൾ - 266506/- രൂപ | 6700/- | 560 + 12% ജി. എ സ്.ടി | 4 മാസം | ഡിയും അതിനു മുക ളിലും |
| 5 | 05/2020-21 | പി.പി. 2020-21 - കൽച്ചാടി ബ്രാഞ്ച് കനാലിന്റെ ചെ. 4/900 മുതൽ 5/00 കി.മീ. വരെയുള്ള അടിയന്തിര നവീകരണ പ്രവൃത്തികൾ - 372141/- രൂപ | 9300/- | 850+ 12% ജി. എ സ്.ടി | 6 മാസം | ഡിയും അതിനു മുക ളിലും |
| 6 | 06/2020-21 | പി.പി. 2020-21 - കൽച്ചാടി ബ്രാഞ്ച് കനാലിന്റെ ചെ. 1/210 മുതൽ 1/300 കി.മീ. വരെയുള്ള അടിയന്തിര നവീകരണ പ്രവൃത്തികൾ - 265258/- രൂപ | 6700/- | 600/- + 12% ജി. എ സ്.ടി | 4 മാസം | ഡിയും അതിനു മുക ളിലും |

ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന അവസാന തിയതി - 5-10-2020 ഉച്ചയ്ക്ക് 2 മണിവരെ

ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയതി - 13-10-2020 ഉച്ചയ്ക്ക് 1 മണിവരെ

ദർഘാസുകൾ തുറക്കുന്ന തിയ്യതിയും സമയവും - 13-10-2020 ഉച്ചയ്ക്ക് 3 മണിക്ക്

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും നെന്മാറ ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ദർഘാസ് പ്രമാണത്തിന്റെ വിലയടച്ച് ജിഎസ്.ടി. അടച്ച അസ്സൽ രശീതി ഉൾപ്പെടെ രേഖാമൂലം അപേക്ഷിച്ചാൽ ദർഘാസ് ലഭിക്കുന്നതാണ്.

ദർഘാസ് പ്രമാണത്തിന്റെ വില 0701-01-110-99 റെവന്യൂ ഹെഡിലും ജി.എസ്.ടി. 12% (എസ്.ജി.എസ്.ടി. 6% സി.ജി.എസ്.ടി. 6%) ഓരോ പ്രവൃത്തിക്കും പ്രത്യേകം അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ദർഘാസ് ഫോറങ്ങൾ ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസിനൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പൂരിപ്പിച്ച ഒരു പ്രാഥമിക കരാർ പത്രം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ് പോസ്റ്റ് ഓഫീസിൽ നിന്നോ ഷെഡ്യൂൾ ബാങ്കിൽ നിന്നോ മാത്രമുള്ളതാവണം നെന്മാറ ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും ഏതു സമയത്തും മാറത്തക്കവിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം.

പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം ഇല്ലാത്തതുമായ ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമത്തിലെ 8(2) വകുപ്പനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് നൽകുവാൻ ബാധ്യസ്ഥനാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ഇറിഗേഷൻ സബ് ഡിവിഷൻ, നെമ്മാറ.

പകർപ്പ്:

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട്
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ വിഭാഗം, ചുണ്ണാമ്പുത്തറ, പാലക്കാട്.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.ബി.സി. സബ് ഡിവിഷൻ, പാലക്കാട്.
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർകനാൽ സബ് ഡിവിഷൻ, ആലത്തൂർ.
6. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ബി.സി.സെക്ഷൻ, നെമ്മാറ
7. അസിസ്റ്റന്റ് എഞ്ചിനീയർ, ആർ.ബി.സി.സെക്ഷൻ, നെമ്മാറ
8. അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് വർക്ക്സ് സെക്ഷൻ, പോത്തുണ്ടി
9. പ്രസിഡന്റ്, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസ്സോസിയേഷൻ, താരേക്കാട്, പാലക്കാട്.
10. പ്രസിഡന്റ്, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷൻ, നെമ്മാറ
11. ഹെഡ് ക്ലാർക്ക്
12. നോട്ടീസ് ബോർഡ്
13. ഫയൽ